**പതിമൂന്നാം കേരളനിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 220**

**01.12.2014 -ലെ മറുപടിക്ക്**

## സ്വകാര്യ സ്കൂളുകളിലെ പീഡനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. ടി.വി. രാജേഷ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ സ്കൂളുകളിൽ പിഞ്ചുകുട്ടികൾ പീഡിപ്പിക്കപ്പെടുന്ന സംഭവങ്ങൾ അനുദിനം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത്തരം സംഭവങ്ങളിൽ കുറ്റവാളികളെ രക്ഷിക്കാൻ പോലീസും ഉന്നത ഉദ്യോഗസ്ഥരും ശ്രമിക്കുന്നതായുള്ള ആക്ഷേപങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (എ) സ്വകാര്യ സ്കൂളുകളിൽ പിഞ്ചുകുട്ടികൾ പീഡിപ്പിക്കപ്പെടുന്ന സംഭവങ്ങൾ അനുദിനം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോഴിക്കോട് റൂറൽ ജില്ലയിൽ വളയം പോലീസ് സ്റ്റേഷൻ പരിധിയിൽ റിപ്പോർട്ടായ ഒരു സംഭവത്തിൽ കുറ്റവാളിയെ രക്ഷിക്കാൻ ശ്രമിച്ചതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പീഡനത്തിനിരയായവരുടെ പരാതികൾ ഒതുക്കി തീർക്കാനുള്ള ശ്രമങ്ങൾക്ക് പോലീസ് കൂട്ട് നിൽക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പീഡനത്തിന് ഇരയായവരുടെ പരാതികൾ ഒതുക്കി തീർക്കാൻ പോലീസ് കൂട്ടുനിൽക്കുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. |
| (സി) നാദാപുരം പാറക്കടവിൽ ദാറുൽഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പെൺകുട്ടി ലൈംഗികമായി പീഡിപ്പിക്കപ്പെട്ട കേസിൽ യഥാർത്ഥ പ്രതിയെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ; അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിലാണെന്ന് വ്യക്തമാക്കുമോ; മുനീറിനെ പ്രതിയാക്കി, യഥാർത്ഥ പ്രതിയെ രക്ഷപ്പെടുത്താൻ സ്കൂൾ മാനേജ്മെന്റും പോലീസും ശ്രമിച്ചതായുള്ള ആരോപണം സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ; | (സി) ഉണ്ട്. പ്രസ്തുത സംഭവത്തിൽ പ്രതികളായ (1) ഷംസുദീൻ, (2) മുബഷീർ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ടി കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ ഇപ്പോൾ നാദാപുരം പോലീസ് ഇൻസ്പെക്ടർ ശ്രീ.എ.എസ്. സുരേഷ് ആണ്. ഇതു സംബന്ധിച്ച കേസ് സംസ്ഥാന പോലീസ് മേധാവിയുടെ ഡി3/134761/2014 പി.എച്ച്.ക്യൂ. തീയതി 27.11.2014 പ്രകാരം ക്രൈം ബ്രാഞ്ച് വിഭാഗത്തിന് അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. കൂടാതെ മുനീർ എന്നയാളിനെ പ്രതിയാക്കി യഥാർത്ഥ പ്രതികളെ രക്ഷപ്പെടുത്തുവാൻ ശ്രമിച്ചു എന്നാരോപിച്ചുകൊണ്ടുള്ള പരാതി നാദാപുരം ഡി.വൈ.എസ്.പി അന്വേഷിച്ചുവരുന്നു. |
| (ഡി) പീഡനകേസിൽ യഥാർത്ഥ പ്രതിയെ രക്ഷിക്കാൻ മുനീർ എന്ന ചെറുപ്പക്കാരനെ സ്റ്റേഷനിൽ കൊണ്ടുപോയി മൂന്നാംമുറയ്ക്ക് വിധേയനാക്കിയ സംഭവം അന്വേഷിച്ചിട്ടുണ്ടോ; | (ഡി) മേൽ കേസുമായി ബന്ധപ്പെട്ട് മുനീർ എന്നയാളെ സ്റ്റേഷനിൽ വെച്ച് മൂന്നാംമുറയ്ക്ക് വിധേയനാക്കിയിട്ടില്ല. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് അന്വേഷണാർത്ഥം ടിയാനെ സ്റ്റേഷനിൽ വിളിച്ചുവരുത്തി മൊഴി രേഖപ്പെടുത്തി വിട്ടയച്ചിട്ടുള്ളതാണ്. |
| (ഇ) നിരപരാധിയെ പ്രതിയാക്കാൻ ശ്രമിക്കുകയും അതിക്രൂരമായി മർദ്ദിക്കുകയും ചെയ്ത പോലീസുകാർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഇ) നിരപരാധിയെ പ്രതിയാക്കാൻ ശ്രമിക്കുകയോ അതിക്രൂരമായി മർദ്ദിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**